## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1493

2.07.2015 ലെ
മറുപടിയ്ക്ക്

### പാലൊളി കമ്മിറ്റിയുടെ ശിപാർശകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീമതി.ജമീലാ പ്രകാശം**<br>**ശ്രീ.മാത്യു റ്റി.തോമസ്**<br>**,, സി.കെ.നാണു**<br>**,, ജോസ് തെറ്റയിൽ :** | | **ശ്രീ. മഞ്ഞളാംകുഴി അലി**<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് കേരളത്തിൽ നിയമിക്കപ്പെട്ട പാലൊളി കമ്മിറ്റിയുടെ ശിപാർശകൾ വിശദമാക്കാമോ ;<br><br>(ബി) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (എ) യും (ബി) യും | പാലൊളി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറിയിട്ടുള്ളത് അവലോകനം ചെയ്യുന്നതിനായി ബഹു.നഗര കാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പാലൊളി കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ സംബന്ധിച്ച റിപ്പോർട്ട് ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ (www.minoritywelfare.kerala.gov.in) ലഭ്യമാണ്. ന്യൂനപക്ഷക്ഷേമ കാര്യങ്ങളുമായി ബന്ധപ്പെട്ട് അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതും സത്വര ഭരണ നടപടിക്കായും പാലൊളി കമ്മിറ്റി നിർദ്ദേശിച്ച 10 കാര്യങ്ങളും അതിന്മേൽ സ്വീകരിച്ച നടപടിയും അനുബന്ധമായി ചേർക്കുന്നു. മറ്റു വകുപ്പുകൾ നടപടി സ്വീകരിക്കേണ്ട ശുപാർശകളിൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ന്യൂനപക്ഷക്ഷേമ കാര്യങ്ങളുമായി ബന്ധപ്പെട്ട് അടിയന്തിര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതും സത്വര ഭരണ നടപടിക്കായും പാലൊളി കമ്മിറ്റി നിർദ്ദേശിച്ച 10 കാര്യങ്ങളും അതിന്മേൽ സ്വീകരിച്ച നടപടിയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർദ്ദേശം | സ്വീകരിച്ച നടപടി |
|---|---|---|
| 1. | സംസ്ഥാനത്ത് ഒരു ന്യൂനപക്ഷ ക്ഷേമ വകുപ്പിന് രൂപം നൽകുക. വിവിധ വകുപ്പുകളിൽ നിലനിൽക്കുന്ന സമാനമായുള്ള കാര്യങ്ങളെ ഈ വകുപ്പിലേക്ക് ഏകോപിപ്പിക്കുക. ഇതിന്റെ ജില്ലാതല ഭരണ കേന്ദ്രങ്ങൾ കൂടി ആരംഭിക്കുക. | സംസ്ഥാനത്ത് ന്യൂനപക്ഷക്ഷേമ വകുപ്പ് 2011-ൽ രൂപീകൃതമായിട്ടുണ്ട്. ജില്ലാതലത്തിൽ ഇപ്പോൾ കളക്ടറേറ്റുകളിൽ ഒരു എൽ.ഡി.ക്ലർക്ക് മാത്രമുള്ള ന്യൂനപക്ഷ സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. ജില്ലാതല ഓഫീസുകൾ രൂപീകരിക്കാനുള്ള നിർദ്ദേശം പരിഗണനയിലാണ്. |
| 2. | മുസ്ലീം പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട അടിയന്തിര നടപടികളുടെ ഭാഗമായി വകുപ്പ് രൂപീകരണത്തിന് മുന്നോടിയായി സംസ്ഥാന സെക്രട്ടറിയേറ്റിൽ ന്യൂനപക്ഷ ക്ഷേമ സെൽ രൂപീകരിക്കുക. | സെക്രട്ടേറിയറ്റിൽ രൂപീകരിച്ച മൈനോറിറ്റി സെൽ സ്വതന്ത്ര വകുപ്പായി മാറ്റിയിട്ടുണ്ട്. |
| 3. | മദ്രസ്സാ അധ്യാപകർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുക. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിന് സർക്കാർ ഒരു കോടി രൂപ ഗ്രാന്റ് നൽകുക. പ്രതിവർഷം ഒരു കോടി രൂപയെങ്കിലും പ്രവർത്തന ഗ്രാന്റ് അനുവദിക്കുക. | മദ്രസ്സാദ്ധ്യാപക ക്ഷേമനിധി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിലേക്ക് കോർപ്പസ് ഫണ്ടായി 10 കോടി രൂപ അനുവദിച്ചത് ഇപ്പോൾ പുതിയറ ട്രഷറിയിലെ പലിശരഹിത സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. |
| 4. | സച്ചാർ കമ്മിറ്റി റിപ്പോർട്ട് നിർദ്ദേശങ്ങൾ എസ്.സി/എസ്.ടി പദ്ധതി നിർവ്വഹണം പോലെ സത്വര വേഗതയിൽ നടപ്പിലാക്കുക. | ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ അർഹരായവരിലേക്ക് എത്തിക്കുന്നതിനും പ്രചരണവും ഏകോപനവും നടത്തുന്നതിനും ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയോഗിച്ചിരുന്നു. |
| 5. | ന്യൂനപക്ഷ പാക്കേജ് കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ കൂടി ഉടനെ നടപ്പാക്കുക. ഇതിനാവശ്യമായ നടപടി കേന്ദ്ര സർക്കാരുമായി ആലോചിച്ച് നടപ്പിൽ വരുത്തുക. | 11-ാം പദ്ധതിക്കാലത്ത് ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ 90 ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിൽ നടപ്പാക്കുന്ന MSDP പദ്ധതിക്ക് വയനാട് ജില്ലയെയാണ് കേരളത്തിൽ നിന്നും തെരഞ്ഞെടുത്തത്. 12-ാം പഞ്ചവൽസര പദ്ധതിയിൽ ബ്ലോക്ക്/ടൗൺ/വില്ലേജ് ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് എം.എസ്.ഡി.പി പദ്ധതി നടപ്പാക്കുന്നത്. കേരളത്തിൽ നിന്നും വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, മാനന്തവാടി, പനമരം, കല്പറ്റ എന്നീ ബ്ലോക്കുകളും, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണുമാണ് പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. |

| | | |
|---|---|---|
| 6. | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് വിഷയത്തിൽ അടിയന്തിര പരിഗണന നൽകുക. ആവശ്യമായ തുക അനുവദിക്കുക. | മുസ്ലീം പെൺകുട്ടികൾക്കായി സി.എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി നടപ്പാക്കി വരുന്നു. ബിരുദതലത്തിൽ 4000/- രൂപ വീതവും (3000 എണ്ണം) ബിരുദാനന്തരബിരുദത്തിന് 5000/- രൂപ വീതവും (1000 എണ്ണം) പ്രൊഫഷണൽ കോഴ്സിന് 6000/- രൂപ വീതവും (1000 എണ്ണം) നൽകി വരുന്നു. കൂടാതെ, ഹോസ്റ്റൽ സ്റ്റൈപ്പന്റായി പരമാവധി 12000/- രൂപ പ്രതിവർഷം (2000 പേർക്ക്) നൽകി വരുന്നു. ഇതിൽ 20 ശതമാനം ലത്തീൻ ക്രിസ്ത്യൻ/പരിവർത്തിത ക്രൈസ്തവർ എന്നിവർക്ക് അനുവദിക്കുന്നുണ്ട്. |
| 7. | വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അടിയന്തിര പരിഗണന നൽകുക. | നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റീസ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് പരിശോധിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നൽകി വരുന്നുണ്ട്. |
| 8. | സംവരണ നഷ്ടം സംബന്ധിച്ച പ്രശ്നത്തിൽ ബന്ധപ്പെട്ടവരുമായുള്ള ചർച്ചയും കമ്മറ്റി പ്രവർത്തനവും ഉടനടി ആരംഭിക്കുക. താത്കാലിക നിയമനങ്ങൾക്ക് ഉടൻ നടപടി സ്വീകരിക്കുക | KS&SSR Part.II Rule 15(a) പ്രകാരം എൻ.സി.എ വിജ്ഞാപനം വഴി സംവരണനഷ്ടം നികത്തുന്നുണ്ട്. |
| 9. | ദഖ്നി, കച്ചി, മെമൻ എന്നീ വിഭാഗങ്ങളെ സംവരണ വിഭാഗത്തിൽ ചേർക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുക. | ദഖ്നി, കച്ചി, മെമൻ എന്നീ വിഭാഗങ്ങളെ സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| 10. | തീരദേശങ്ങളിലും മലയോരപ്രദേശങ്ങളിലുമുള്ള മുസ്ലീങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക പരിപാടികൾക്ക് രൂപം നൽകുക. | തീരദേശങ്ങളിലെ സർക്കാർ സ്കൂളുകളിൽ ഗേൾ ഫ്രണ്ട്ലി ടോയ്‌ലറ്റ് കോംപ്ലക്സുകൾ സ്ഥാപിക്കുന്ന പദ്ധതി ശുചിത്വ മിഷൻ മുഖേന നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതിയും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്കും വിവാഹ മോചിതർക്കുമായുള്ള ഭവന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. |

Kayamu

സെക്ഷൻ ഓഫീസർ